# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2098 — 05.05.2017 ന് മറുപടിയ്ക്ക്

## കാട്ടാന ശല്യത്തിന് പരിഹാരനടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കാട്ടാനകൾ നാട്ടിലിറങ്ങി ഉണ്ടാക്കുന്ന ആക്രമണങ്ങളിൽ ജനങ്ങൾക്ക് ജീവഹാനിയും കൃഷി നഷ്ടവും സംഭവിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ കഴിഞ്ഞ ആറ് മാസത്തിനിടയിൽ ഈ വിധത്തിൽ സംസ്ഥാനത്ത് ജീവഹാനി സംഭവിച്ചവർ എത്ര; എത്ര രൂപയുടെ കൃഷിനാശം സംഭവിച്ചു; വിശദാംശങ്ങൾ നൽകുമോ; | (ബി) കഴിഞ്ഞ 6 മാസത്തിനിടയിൽ കാട്ടാനയുടെ ആക്രമണം മൂലം 19 പേർക്ക് ജീവഹാനി സംഭവിക്കുകയും, 1,38,53,208/- രൂപയുടെ കൃഷിനാശം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇതിനു പരിഹാരമായി വനം വകുപ്പ് എന്തെല്ലാം നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) വന്യമൃഗങ്ങൾ കാടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേക്ക് വരുന്നത് ഒഴിവാക്കാൻ കാട്ടിനുള്ളിലെ ചെക്ക്ഡാമുകൾ, കുളങ്ങൾ ഉൾപ്പെടെ 1500-ഓളം ജലസ്രോതസ്സുകൾ നവീകരിക്കുകയും, പരമാവധി ജലലഭ്യത ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ കുളങ്ങൾ നിർമ്മിക്കുന്നുണ്ട്. അധിനിവേശ സസ്യങ്ങളെ നീക്കംചെയ്ത് വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നുണ്ട്. ജലസ്രോതസ്സുകളുടെ സമീപ പ്രദേശങ്ങളിൽ മുള, പുല്ലുകൾ എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്.<br>KIIFB-യിൽ ഉൾപ്പെടുത്തി 100 കോടി രൂപ വന്യജീവി ആക്രമണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. ആയതിൽ 2016-17 വർഷത്തിലെ പദ്ധതി വിഹിതമായ 25 കോടി രൂപ ഉപയോഗപ്പെടുത്തിയുള്ള പ്രതിരോധ നിർമ്മാണങ്ങൾ പുരോഗമിച്ചു വരുന്നു. |

സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങി മനുഷ്യജീവന് ഭീഷണിയാകുന്ന ആന പോലുള്ള വന്യജീവികളെ മയക്കുവെടിവെച്ച് പിടിച്ച് വനാന്തരങ്ങളിൽ തുറന്നു വിടുന്ന നടപടിയും സ്വീകരിക്കുന്നുണ്ട്.

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും തദ്ദേശീയരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. 175 ജനജാഗ്രതാ സമിതികൾ ഇതിനോടകം നിലവിൽ വന്നു.

ഇതിനു പുറമെ, ജനവാസ മേഖലയിൽ ആനയോ മറ്റു വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേക്ക് എസ്.എം.എസ് മുഖാന്തിരം അറിയിപ്പ് നൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System മൂന്നാർ, വയനാട്, ആറളം മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റു 43 മേഖലകളിൽ നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ